# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **01-07-2014-ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : *T 503**

## സംസ്ഥാനത്ത് അതിവേഗ റെയിൽപാത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ.ചന്ദ്രശേഖരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അതിവേഗ റെയിൽ പാത സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കേരള ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി ആദ്യമായി 2009-2010 ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് അവതരിപ്പിച്ചത്. 10/02/2010-ൽ കൂടിയ മന്ത്രിസഭായോഗം ഈ പദ്ധതിക്ക് അംഗീകാരം നൽകി. സാധ്യതാപഠന റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 526 കി.മീറ്റർ ദൈർഘ്യമുള്ള ഒരു അതിവേഗ റെയിൽപ്പാതയാണ് വിഭാവനം ചെയ്യുന്നത്. ഇതിൽ 90 കി.മീറ്റർ ഉപരിതലത്തിലും 297 കി.മീറ്റർ തൂണിന് മുകളിലും 126 കി.മീറ്റർ ഭൂമിക്കടിയിൽ കൂടിയുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. വിശദമായ പദ്ധതി റിപ്പോർട്ട് ഇപ്പോൾ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ തയ്യാറാക്കി വരുന്നു. സർവ്വേ ജോലികൾ തടസ്സപ്പെട്ടതുകാരണം പ്രതീക്ഷിച്ച സമയത്ത് പദ്ധതി രേഖ തയ്യാറാക്കാൻ സാധിച്ചിട്ടില്ല. സമയബന്ധിതമായി സർവ്വേ ജോലികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ച് പദ്ധതിരേഖ തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| **(ബി)** | ഈ പദ്ധതിക്കു വേണ്ടിയുള്ള സർവ്വേ, മാർക്കിംഗ് എന്നിവ ഏതു ഘട്ടത്തിലെത്തി; | **(ബി)** | വിശദമായ രൂപരേഖ ഡി.എം.ആർ.സി. തയ്യാറാക്കി വരുന്നു. ഇതിന്റെ സർവ്വേ ജോലികൾ 60% ഇതിനകം പൂർത്തീകരിച്ചിരിച്ചിട്ടുണ്ട്. |
| **(സി** | ഈ പദ്ധതി ഉപേക്ഷിക്കാനുള്ള സാദ്ധ്യത ഉണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | **(സി** | ഇത് സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ